നമ്പർ.എൻ.ഇ.പി(3)/..35244.../2014

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 30/09/2014

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - 2014-2015 അധ്യയന വർഷം അധ്യാപകർക്ക് നൽകുന്ന ഐ.സി.ടി പരിശീലനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 14.08.2013-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP-3/35244//2013 നമ്പർ സർക്കുലർ

സ്കൂൾ അധ്യാപകർക്ക് ഈ അധ്യയനവർഷം നൽകുന്ന ഐസിടി പരിശീലനങ്ങളും പരിശീലന നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നു:

### പരിശീലനങ്ങൾ

| ക്രമ നമ്പർ | പരിശീലനം | പരിശീലന ദൈർഘ്യം |
|---|---|---|
| 1 | എട്ട്, ഒമ്പത്. പത്ത് ക്ലാസുകളിൽ ഐസിടി പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള പരിശീലനം | 6 ദിവസം |
| 2 | പുതുതായി പ്രമോഷൻ ലഭിച്ച പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്കുള്ള പരിശീലനം | 4 ദിവസം |

### നിർദ്ദേശങ്ങൾ

1. പ്രത്യേക ഐസിടി പരിശീലനം ലഭിച്ച അധ്യാപകർ മാത്രമായിരിക്കണം ഹൈസ്കൂൾ ക്ലാസുകളിൽ ഐസിടി പാഠപുസ്തകം വിനിമയം ചെയ്യേണ്ടത്. പരിശീലനം ലഭിക്കാത്ത അധ്യാപകർക്ക് ഐടി@സ്കൂൾ പ്രോജക്ട് പ്രത്യേക ഐസിടി പരിശീലനം ലഭ്യമാക്കേണ്ടതാണ്.
2. ഐസിടി പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലനം ലഭിക്കാത്ത അധ്യാപകർ 2014 ഒക്ടോബർ 30-ന് മുമ്പ് പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. അധ്യാപകർക്ക് യഥാസമയം പരിശീലനം ലഭിച്ചുവെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
3. ഐടി@സ്കൂൾ പ്രോജക്ട് അംഗീകരിച്ച മൊഡ്യൂൾ മാത്രം ഉപയോഗിച്ചായിരിക്കണം പരിശീലനം നടത്തേണ്ടത്.
4. ഒരു പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടറിന്റെ ലഭ്യതക്കനുസരിച്ച് 20 മുതൽ 30 വരെ അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. 15-ൽ താഴെ അധ്യാപകർക്ക് ഒന്നും 15 മുതൽ 25 വരെ രണ്ടും 25-ന് മുകളിൽ മൂന്നും എന്ന ക്രമത്തിൽ പരിശീലകരെ (RPs) നിയോഗിക്കേണ്ടതാണ്.

5. ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. ഐടി@സ്കൂളിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ എന്നിവ പരിശീലനകേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.

6. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ഐടി@സ്കൂൾ ജില്ലാകോർഡിനേറ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരുടെ സേവനം ഇതിനായി ആവശ്യപ്പെടാവുന്നതാണ്.

7. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരും പരിശീലകരും മുഴുവൻ പരിശീലന സമയത്തും പരിശീലനകേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.

8. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലനകേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

9. പരിശീലനത്തിനെത്തുന്ന അധ്യാപകർക്ക് പ്രതിദിനം 125/-രൂപയും പരിശീലകർക്ക് (RPs) 200/- രൂപയും ഓണറേറിയമായി ഐടി@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.

10. പരിശീലനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പ്രതിദിനം 200/- രൂപ വൈദ്യുതി ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകളിലേക്ക് ഐടി@സ്കൂൾ പ്രോജക്ട് സ്കൂൾ ഐടി അഡ്വൈസറി കൗൺസിലിന്റെ അക്കൗണ്ടിലേക്ക് ക്രോസ് ചെയ്ത ചെക്ക്/ഡിഡി മുഖേന നൽകേണ്ടതാണ്.

11. അംഗീകൃത അൺഎയിഡഡ് സ്കൂളിലെ അധ്യാപകരെയും താൽക്കാലിക അധ്യാപകരെയും പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ഈ അധ്യാപകർക്ക് ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഒന്നും നൽകേണ്ടതില്ല.

12. ജില്ലയിൽ നടത്തുന്ന ഏതു പരിശീലന പരിപാടിക്കും എക്സിക്യൂട്ടീവ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും പരിശീലനത്തെപ്പറ്റിയുള്ള വിവരങ്ങൾ Training Management System-ൽ ഉൾപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ** (ഇൻ ചാർജ്ജ്)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡിഇഒ മുഖേന)
ഫിനാൻസ് ഓഫീസർ/അക്കാഡമിക് വിഭാഗം/സ്റ്റോക്ക് ഫയൽ